24-03-2023

FRIDAY

വെള്ളിയാഴ്ച്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/03/2023.

1. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും 29/03/2023 നു പഴചെടികളിലെ ബഡ്ഡിംഗ്, ഗ്രാഫ്റ്റിങ് , ലയറിങ് തുടങ്ങിയവയെക്കുറിച്ചുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഫീസ് 350 രൂപയാണ്. പങ്കെടുക്കുന്നവർക്ക് പ്രായോഗിക പരിശീലനത്തോടൊപ്പം സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. താല്പര്യമുള്ളവർ 9037915185 എന്ന നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണിവരെയുള്ള സമയങ്ങളിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2022-2023 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷാ - സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിക്ക് തുടക്കമാകുന്നു. ഗോ ജീവ സുരക്ഷാ പദ്ധതിയുടെ ഭാഗമായി പനമരം ബ്ലോക്കിലെ കർഷകരുടെ വീട്ടുപടിക്കൽ രോഗബാധിതരായ മൃഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണി വരെയായിരിക്കും സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ പ്രവർത്തനം. ഓരോ ആഴ്ചയും ബ്ലോക്കിലെ ഓരോ പഞ്ചായത്ത് കേന്ദ്രീകരിച്ചായിരിക്കും പ്രവർത്തനം. തുടക്കത്തിൽ മാർച്ച് 17 മുതൽ 25 വരെ പനമരം ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ സേവനം ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക് 9074583866 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കരാർ ഫാമുകൾ വളർത്തിയെടുത്ത 40 മുതൽ 45 ദിവസം വരെ പ്രായമുള്ള, ശരാശരി 2.0 കിലോയ്ക്ക് മുകളിൽ തൂക്കമുള്ളതുമായ ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ട്. താൽപ്പര്യമുള്ളവർ 0471-2478585, 2468585, 9495000922 എന്നീ നമ്പരുകളിൽ ബന്ധപ്പെട്ടോ, kepcopoultry@gmail.com. എന്ന ഇ-മെയിൽ വിലാസത്തിലോ എടുക്കാൻ കഴിയുന്ന നിരക്ക് അറിയിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ടി.സി. 30/697, പേട്ട, തിരുവനന്തപുരം 695024

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് 2023 മാർച്ച് 27 മുതൽ 29

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴി വളം കിലോയ്ക്ക് 3 രൂപ നിരക്കിൽ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയങ്ങളിൽ 0471-2730804 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. സർക്കാർ സംരംഭമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുല്പാദനം കഴിഞ്ഞതും മാതൃ- പിതൃ ശേഖരത്തിൽ പെട്ടതുമായ ഇറച്ചികോഴികൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9495000914 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. റബ്ബർബോർഡ് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് റബ്ബർതൈകൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. ഇത് സംബന്ധിച്ചുള്ള ധാരണാപത്രത്തിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുടെ കൊച്ചി റീജിയണൽ മാനേജർ കെ.പി. അലക്സാണ്ടറും ഒപ്പുവെച്ചു. വടക്കുകിഴക്കൻ മേഖലയിലെ എൻ.ഇ. മിത്ര പദ്ധതിയിൽ ഉൾപെടുന്ന തോട്ടങ്ങൾക്കും പരമ്പരാഗതമേഖലയിലെ തോട്ട ങ്ങൾക്കുമാണ് ഈ പദ്ധതിയിലൂടെ ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ കഴിയുക. മരമൊന്നിന് രണ്ടു രൂപയാണ് പ്രതിവർഷ പ്രീമിയം. അപക്വകാലഘട്ടത്തിൽ (ഒന്നു മുതൽ ഏഴു വരെ വർഷം പ്രായമായ തൈകൾ) ഉള്ള തൈ ഒന്നിന് പരമാവധി 300 വരെ രൂപയും ടാപ്പുചെയ്യുന്നതിന് പാകമായ ഒരു മരത്തിന് പരമാവധി 1000 വരെ രൂപയും നഷ്ടപരിഹാരം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് റീജിയണൽ റബ്ബർബോർഡ് കോൾസെന്ററുമായി 04812576622 ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**കാർഷിക വാർത്തകൾ**

കാർഷിക വിളയാള ഏലച്ചെടിയിൽ ഏലപ്പേൻ, തണ്ടുതുരപ്പൻ, വെള്ളീച്ച മുതലായ കീടങ്ങൾക്കെതിരെയുള്ള നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുക. കൃഷിയിടം കളവിമുക്തമാക്കി സൂക്ഷിക്കേണ്ടതും പുതയിട്ട്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നനയ്ക്കുകയും വേണം. രണ്ടാഴ്ചയിലൊരിക്കൽ കനത്ത ഒരു നന ഏലത്തിന് വളരെ നല്ലതാണ്. കറ്റെ രോഗം ബാധിച്ച ചെടികൾ നശിപ്പിക്കുക.

കാപ്പി ചെടിയിൽ കീടബാധ കുറയ്ക്കുന്നതിനായി തോട്ടങ്ങൾ വൃത്തിയായി സൂക്ഷിക്കുക. കാപ്പിയിലെ തടി തുരപ്പൻ കീടങ്ങൾക്കെതിരെ ക്ലോർപ് ഹൈറിഫോസ് 2 മി. ലി. 1 ലിറ്റർ വെള്ളത്തിൽ കലക്കി തടിയിലും പ്രധാന ശിഖരങ്ങളിലും തളിച്ചു കൊടുക്കേണ്ടതാണ്.

**മൃഗസംരക്ഷണ നിർദ്ദേശം**

കാലിത്തീറ്റ സംഭരിച്ചു വക്കുന്ന സ്ഥലങ്ങളിൽ നനവ് ഇല്ലാതെ സൂക്ഷിക്കുന്നത് വഴി ഭക്ഷ്യവിഷബാധ ഒഴിവാക്കാം. എലികളുടെ ആക്രമണം തടയുക വഴി എലിപ്പനി രോഗം തടയുന്നതിനായി തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും ഭക്ഷണ അവശിഷ്ടങ്ങളും ചപ്പുചവറുകളും വൃത്തിയായി സംസ്കരിക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം